**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 192** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതയിൽ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് കിഫ്ബി പദ്ധതിയിൽ 132 കോടി രൂപ അനുവദിച്ച പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് കിഫ്ബിയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡും (കെ.എം.സി.എൽ.) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് 26.78 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**<u>മറുപടി:</u>** മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് മെഡിസിനിൽ ജൂനിയർ കൺസൾട്ടന്റ് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**